**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5174** **21-03-2025 - ൽ മറുപടിയ്ക്ക്**

**നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | വായ്പയെടുത്ത് ഉല്പാദിപ്പിക്കുന്ന നെല്ല് സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതും തുക നൽകാത്തതുമായ സ്ഥിതി വിശേഷം നിമിത്തം കർഷകർക്കുണ്ടാകുന്ന ഗുരുതര സാമ്പത്തിക പ്രശ്നം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | **കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരണം നടത്തി കർഷകർക്ക് തുക ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.** |
| (സി) | ഉദ്യോഗസ്ഥ തലത്തിൽ നെൽകർഷകരോട് കാട്ടുന്നതായി പറയപ്പെടുന്ന അവഗണന അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ; | (സി) | ഉദ്യോഗസ്ഥർ കർഷകരോട് അവഗണന കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ എന്തെങ്കിലും ശ്രദ്ധയിൽപെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | നെൽ കർഷകർക്കായി പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | 2022-23 വർഷം ആരംഭിച്ച ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിലൂടെയും ഇതിന്റെ തുടർച്ചയായി കൃഷിസമൃദ്ധി പദ്ധതിയിലൂടെയും യുവാക്കൾ ഉൾപ്പെടെയുള്ള കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് നെൽകൃഷിയുടെ വിസ്തീർണ്ണവും ഉത്പാദനവും വർധിപ്പിക്കാൻ നടപടികൾ സ്വീകരിച്ച വരുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത പരിശോധിച്ച് ആവശ്യമായ ശിപാർശകളോടെ സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് നൽകി കൃത്യമായ വളപ്രയോഗം ഉറപ്പാക്കുന്നു. നൂതന മാർഗമായ ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മമൂലകങ്ങൾ നെൽകൃഷിയ്ക്ക് പത്രപോഷണ ത്തിലൂടെ നൽകുക വഴി നെല്ലുത്പാദനത്തിൽ വർദ്ധനവ് ലക്ഷ്യമിടുന്നു. നെൽവയൽ ഉടമകൾക്ക് റോയൽറ്റി നൽകുന്നതിലൂടെ നെൽപ്പാടങ്ങളുടെ സംരക്ഷ ണവും നെൽകൃഷിയുടെ വ്യാപനവും ഉറപ്പാക്കുന്നു. വിവിധ പദ്ധതികളിലായി നെൽവയലുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ നടത്തി കൂടുതൽ പ്രദേശത്ത് നെൽകൃഷി സുഗമമായി നടത്തുവാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | അത്യുൽപ്പാദനശേഷിയുള്ള നെല്ലിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിയെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. നെൽകൃഷി മേഖലയിൽ യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം, കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ (കെ.എസ്.എ.എം.എം) എന്നിവർ വിവിധ സഹായങ്ങൾ നെൽകർഷകർക്ക് നൽകി വരുന്നു. നെൽകൃഷിയ്ക്കു സൗജന്യ വൈദ്യുതി, നെല്ലുൽപ്പാദന ബോണസ് എന്നിവ കൂടുതൽ കർഷകർക്ക് നെൽകൃഷി മേഖലയിൽ തുടരുവാനുള്ള പ്രോത്സാഹനമാകുന്നു. സാധ്യമായ സ്ഥലങ്ങളിൽ രണ്ടു നെൽകൃഷിയുടെ ഇടവേളകളിൽ മത്സ്യകൃഷിയും പ്രോത്സാഹിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**നെല്ല് സംഭരണം യഥാസമയം നടത്തി കർഷകർക്ക് തുക ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ**

വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാർ നോഡൽ ഏജൻസിയായി സപ്ലൈകോയെ 2005 മുതൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ സീസണിലും വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ അറിയിപ്പ് നൽകുന്നു, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരും പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. എല്ലാ വർഷവും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഈ അറിയിപ്പുകൾ ലഭിച്ചതിനുശേഷമാണ് സപ്ലൈകോ നെല്ല് സംഭരണ നടപടികൾ ആരംഭിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി അനുസരിച്ച് കർഷകൻ ഉൽപ്പാദിപ്പിച്ച് നൽകുന്ന തൂക്കത്തിന്റെ അടിസ്ഥാനത്തിലാണ് നെല്ലിന്റെ താങ്ങുവില (Minimum Support Price –MSP) കർഷകർക്ക് നൽകി വരുന്നത്. നെല്ല് സംഭരണ പദ്ധതി സംസ്ഥാനം നടപ്പിലാക്കിയ 2005 മുതൽ സംഭരിച്ച നെല്ലിന്റെ തൂക്കത്തിന്റെ കണക്കിൽതന്നെയാണ് സംസ്ഥാന സർക്കാർ കർഷകർക്ക് സംസ്ഥാന പ്രോത്സാഹന ബോണസ് (State Incentive Bonus SIB) നൽകി വരുന്നതും. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് സപ്ലൈകോ നെല്ല് സംഭരിക്കുകയും സംഭരിക്കുന്ന അളവിന് നെല്ല് രസീത് ഷീറ്റ് (Paddy Receipt Sheet – PRS ) കർഷകർക്ക് നൽകുകയും ചെയ്യുന്നു. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന സർക്കാർ നിർദ്ദേശാനുസരണം പി.ആർ.എസ് വായ്പയായിട്ടാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകി വരുന്നത്. അതിനായി ഫണ്ട് ലഭ്യതയനുസരിച്ച് പാഡി മാർക്കറ്റിംഗ് ഓഫീസർ അപ്രൂവ് ചെയ്ത പി.ആർ.എസ് – കളുടെ ലിസ്റ്റ് പ്രസ്തുത ബാങ്കുകളിലേയ്ക്ക് നൽകുന്നു. ലിസ്റ്റ് ലഭിച്ചുകഴിഞ്ഞാൽ, ഒന്നുകിൽ കൺസോർഷ്യം ബാങ്ക് പി.ആർ.എസ് വായ്പ നൽകുന്നതിന് കർഷകനെ ബന്ധപ്പെട്ടും അല്ലെങ്കിൽ കർഷകന് പി.ആർ.എസ് വായ്പ ലഭിക്കുന്നതിന് അനുവദിച്ച ബാങ്കുകളെ സ്വമേധയാ സമീപിക്കാം. ആവശ്യമായ അപേക്ഷാ ഫോമുകൾ സഹിതം പിആർഎസ് ഷീറ്റുകൾ സമർപ്പിച്ച ശേഷം, ബാങ്ക് കർഷകർക്ക് നെല്ലിന്റെ വില പിആർ എസ് വായ്പയായി അവരുടെ അക്കൗണ്ടുകളിലേക്ക് നൽകും.

നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവില (MSP) നെല്ല് സംഭരണം നടക്കുന്ന സമയത്തുതന്നെ ലഭ്യമാകാത്ത സാഹചര്യം ഉള്ളതുകൊണ്ടാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകുന്നതിനുവേണ്ടി സപ്ലൈകോ പി.ആർ.എസ് വായ്പാ പദ്ധതി

മുഖാന്തരം തുക നൽകുന്നത്. നിലവിൽ നെല്ല് സംഭരണം നടന്നതിനുശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ വഴി അരിയാക്കി ആയത് സർക്കാരിന്റെ പൊതുവിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ ത്രൈമാസ കണക്കുകൾ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക സപ്ലൈകോയ്ക്ക് ലഭ്യമാകുന്നത്.

സാധാരണഗതിയിൽ നെല്ല് സംഭരണ സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക മേൽപ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില എത്രയും വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് PRS (Paddy Receipt Sheet) വായ്പാപദ്ധതി മുഖേന സപ്ലൈകോ സംഭരണ വില നൽകുന്നത്.

2024 –25 സീസണിൽ 04 .02 .2025 വരെ 58552 കർഷകരിൽ നിന്നും 144252.36 ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട് . ആയതിന്റെ വിലയായ 419 .84 കോടി രൂപയിൽ 274 .68 കോടി രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ മുഖേനെ പി ആർ .എസ് വായ്പയായി കർഷകർക്ക് നൽകുവാൻ സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 –18 സാമ്പത്തിക വർഷം മുതൽ 2024 –25 വരെ 834 .68 കോടി രൂപ നെല്ല് സംഭരണ ഇനത്തിൽ മാത്രം കേന്ദ്രത്തിൽ നിന്നും സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട് .

കർഷകർ അവരുടെ രജിസ്ട്രേഷൻ നടപടികളും പാടശേഖര സമിതി പാടം നിശ്ചയിച്ച് നൽകുന്നതിനുള്ള അപേക്ഷ സമയബന്ധിതമായി നൽകുകയാണെങ്കിൽ കൊയ്ത്ത് കഴിഞ്ഞാലുടനെയുള്ള സംഭരണം കൂടുതൽ വേഗത്തിലാക്കാൻ സാധിക്കും ഇത് കൂടാതെ നിലവിൽ കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് നെല്ല് സംഭരണം വേഗത്തിലാക്കുന്നതിനു Biometric procurement സംവിധാനം ഉപയോഗിച്ച് കർഷകരിൽ നിന്നും നെല്ല് സംഭരിക്കാൻ വേണ്ട നടപടികൾ സപ്ലൈകോ സ്വീകരിച്ച് വരുന്നു. ഇപ്രകാരം ചെയ്യുന്നതോടെ സംഭരണ നടപടികൾ കൂടുതൽ കുറ്റമറ്റതാകുന്നതോടൊപ്പം കൂടുതൽ വേഗത്തിൽ കർഷകരുടെ നെല്ലിന്റെ വില നൽകുവാനും സാധിക്കും.